## സ്വാമി ശരണം
## തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
എസ്റ്റേറ്റ് വകുപ്പ്,
തിരുവനന്തപുരം - 1,

# പുനർ ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള പറവൂർ ഗ്രൂപ്പിലെ പുത്തൂർപ്പള്ളി ദേവസ്വം വക വൃന്ദാവനം ആഡിറ്റോറിയം ഇപ്പോഴത്തെ അവസ്ഥയിൽ നിലവിലുള്ള സൗകര്യത്തിൽ വിവാഹ അവശ്യങ്ങൾക്കും, ക്ഷേത്രാചാരങ്ങൾക്ക് ദോഷം വരാത്തരീതിയിലുള്ള മറ്റ് ചടങ്ങുകൾക്കും സസ്യാഹാരം മാത്രമേ പാകം ചെയ്ത് വിതരണം ചെയ്യുവാൻ പാടുള്ളുവെന്നും, ഹിന്ദുക്കളായവർക്കും, അതാത് ക്ഷേത്രോപദേശകസമതികൾക്കും മാത്രമേ ടി ലേലത്തിൽ പങ്കെടുക്കാവുയെന്ന നിബന്ധനയിലും ക്ഷേത്രത്തിലെ ഉത്സവം, മറ്റ് ആട്ടവിശേഷ ചടങ്ങുകൾ നടക്കുന്ന ദിവസങ്ങൾ ഒഴികെ, രണ്ട് വർഷത്തേയ്ക്ക് ലേലം ചെയ്ത്നല്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി യിൽനിന്നും ഉത്തരവായിരിക്കുന്നതിനാൽ ടി പ്രകാരം ലേലംചെയ്ത് തുക ഈടാക്കുന്നതിന് താഴെ പറയുന്ന തീയതികളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥലത്ത് വച്ച് പരസ്യമായി ലേലം നടത്തു ന്നതും, ബഹുമാനപ്പെട്ട കോടതി അംഗീകരിച്ച നിബന്ധനകൾ ഉൾപ്പെട്ട എഗ്രിമെന്റ് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിതതുകക്കുള്ള നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. ടി തുകയ്ക്കുള്ള നിരതദ്രവ്യത്തോ ട്കൂടിയ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകളും ലേലസമയത്തിന് മുമ്പാകെ ഹാജരാക്കാവുന്ന താണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന /ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലനടപടികൾ അവസാനിപ്പിക്കുന്നതാണ്. ലേലം കൊള്ളുന്ന വ്യക്തി സെക്യൂരിറ്റി തുകയായി ലേലം കൊള്ളുന്ന തുകയുടെ ഒന്നുപകുതി ഉടനടി കെട്ടിവയ്ക്കേണ്ടതാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനുമുള്ള പരമാധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. ലേലതീയതി, സമയം,ലേലവ്യവസ്ഥകൾ എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവർത്തിദിവസങ്ങളിൽ ഈ ആഫീസിൽനിന്നോ പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, ദേവസ്വങ്ങൾ എന്നിവിടങ്ങളിൽ നിന്നും അറിയാവുന്നതാണ്.

| ഗ്രൂപ്പ് | ദേവസ്വം | നിരതദ്രവ്യം | ലേല തീയതിയും സമയവും | ലേല സ്ഥലം |
|---|---|---|---|---|
| **പറവൂർ** | **പുത്തൂർപ്പള്ളി** | 10,000/- | **25/07/2019,ഉച്ചയ്ക്ക് 12 മണി** | ടി ദേവസ്വം |

Sd/-

**സി. റ്റി. പത്മകുമാർ**
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
തിരുവനന്തപുരം - 1
0471 - 2337790

തിരുവനന്തപുരം
08/07/2019